(സി) ഓരോ ലോട്ടറിയുടെയും ആകെ ടിക്കറ്റുകളുടെ വിലയും ആകെ സമ്മാദനത്തുകയും തമ്മിലുള്ള നിലവിലുള്ള ഭീമമായ അന്തരം കുറച്ച്, കൂടുതൽ സമ്മാനങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ലോട്ടറി വകുപ്പ് നാലുതരം ലോട്ടറികൾ നടത്തുന്നു. മാവേലി, പെരിയാർ, കൈരളി, സൗഭാഗ്യ എന്നീ പേരുകളിൽ അവ അറിയപ്പെടുന്നു. ഓരോ ഭാഗ്യക്കുറികൾക്കുംവേണ്ടി ആകെ അച്ചടിക്കുന്ന ടിക്കറ്റുകളുടെ എണ്ണം, ആകെ മുഖവില, ആകെ നൽകുന്ന സമ്മാനത്തുക എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) പ്രായോഗികമല്ല എന്ന് വ്യക്തമായതിനാൽ പരിഗണനയിലില്ല.

(സി) നിലവിലുള്ള സമ്മാനഘടന ആകർഷകമായതിനാൽ സമ്മാനഘടന പരിഷ്കരണം ഇപ്പോൾ പരിഗണനയിലില്ല.

11 (303) കെ.എഫ്.സി. വായ്പാ സബ്സിഡി

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ഡോ. എം.കെ. മുനീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സി.യിൽ നിന്നും വായ്പ എടുക്കുന്ന ചെറുകിട വ്യവസായികൾക്ക് സബ്സിഡി ലഭിക്കാൻ ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാകുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് ഒഴിവാക്കാൻ വ്യവസായ വകുപ്പ് വഴി സബ്സിഡി നൽകുവാൻവേണ്ട ഉത്തരവ് നൽകുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്.

വ്യവസായ വകുപ്പിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് സബ്സിഡി നല്കുന്നത്.

12 (304) ദേശീയ സമ്പാദ്യ നിധിയുടെ പലിശയിനത്തിൽ ലഭിച്ച തുക.

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ 1996, 1997, 1998, 1999 വർഷങ്ങളിൽ ദേശീയസമ്പാദ്യ നിധിയുടെ പലിശയിനത്തിൽ എന്തു തുക ലഭിച്ചു എന്ന അറിയിക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly